**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. അൻവർ സാദത്ത്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദ സഞ്ചാര മേഖലയിലെ നിക്ഷേപകരേയും തൊഴിലാളികളേയും കോവിഡ് പ്രതിസന്ധി വളരെയധികം പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എപ്ലോയ്മെന്റ് സപ്പോർട്ട് സ്ലീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. |
| (ബി) | കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി ഇന്ത്യയിൽ ഏറ്റവുമധികം പ്രതിദിന രോഗബാധയുള്ള സംസ്ഥാനമായി കേരളം മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിനോദസഞ്ചാര മേഖലയുടെ തിരിച്ചു വരവിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെ കാണുമോ; | (ബി) | നമ്മുടെ രാജ്യത്തെ ബാധിച്ച കോവിഡ് തരംഗത്തിന്റെ ആഘാതം കേരളത്തിലെ ടൂറിസം മേഖലയിലും അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഇതുമൂലം ഉണ്ടായ പ്രയാസങ്ങൾ പരിഹരിച്ച് കേരളത്തിലെ ടൂറിസം മേഖലയുടെ നിലനിൽപ്പിനും പുനരുജ്ജീവനത്തിനുമായി വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (സി) | പ്രസ്തുത പ്രതിസന്ധി തരണം ചെയ്ത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ്വ് പകരുവാൻ പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | പ്രതിസന്ധി തരണം ചെയ്ത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ്വ പകരുവാൻ 2021 ജൂൺ മാസത്തിൽ സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ മേഖലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ